ഭിന്ന നിലവാരക്കാരായ കുട്ടികളുള്ള ക്ലാസ്മുറികൾ

പ്രവർത്തനങ്ങൾ ഇനിനനെയാവാമോ?

ഒൻപതാം ക്ലാസിലെ 'ഭൂമിഗീതങ്ങൾ' എന്ന കവിത കുട്ടി ആസ്വദിച്ചത് മൂല്യനിർണ്ണയം ചെയ്യാൻ... താഴെ പറയുന്ന പ്രവർത്തനങ്ങളിൽ ആവുന്നവ യൊക്കെ ചെയ്യുക.

- ഭൂമിഗീതങ്ങൾ എന്ന കവിതയിൽ കവി ആവിഷ്കരിക്കുന്ന ദർശനം എന്ത്? ഒരു കുറിപ്പ് എഴുതുക.
- ഭൂമിഗീതങ്ങൾ എന്ന കവിതയിലെ ഉള്ളടക്കം ആവിഷ്കരിക്കാൻ ഒരു ലഘു നാടകം രചിക്കുക.
- ഭൂമിഗീതങ്ങൾ എന്ന കവിതയിലെ ഉള്ളടക്കം ആവിഷ്കരിക്കാൻ ഒരു ചെറു സിനിമക്ക് തിരക്കഥ രചിക്കുക.
- ഭൂമിഗീതങ്ങൾ എന്ന കവിതയിലെ ഉള്ളടക്കം ആവിഷ്കരിക്കാൻ ഒരു കത്ത് തയ്യാറാക്കുക
- ഭൂമിഗീതങ്ങൾ എന്ന കവിതയിലെ ഉള്ളടക്കം ആവിഷ്കരിക്കാൻ കുറേ മുദ്രാവാക്യങ്ങൾ തയ്യാറാക്കുക
- ഭൂമിഗീതങ്ങൾ എന്ന കവിതയുമായി സമാനതയുള്ള മറ്റു കവിതകളുടെ പേർ പറയുക
- ഈ കവിത നന്നായി ഈണം കൊടുത്ത് പാടുക
- ഈ കവിത നൃത്തരൂപത്തിൽ അവതരിപ്പിക്കുക
- ഈ കവിതയിൽ പറയുന്ന പ്രശ്നങ്ങൾ വിശദമാക്കുന്ന ചിത്രങ്ങൾ നെറ്റിൽ നിന്ന് കണ്ടെത്തുക
- ഈ കവിതയിലെ ഉള്ളടക്കം വിശദമാക്കുന്ന സന്ദേശവാക്യങ്ങൾ രചിക്കുക.
- ഈ കവിതയിലെ പ്രശ്നങ്ങൾ ലിസ്റ്റ് ചെയ്യുക
- ഈ കവിത മനസ്സിലിട്ടുകൊണ്ട് ലോക പരിസ്ഥിതി ദിനത്തിൽ നമ്മുടെ സ്കൂളിൽ ചെയ്യേണ്ട പരിപാടികൾ തയ്യാറാക്കുക
-  ഈ ചിത്രത്തിന്ന് അനുയോജ്യമായ ഒരു പാട്ട് എഴുതുക

-  ഈ കാർട്ടൂണിന്ന് ഒരു അടിക്കുറിപ്പ് എഴുതുക.
- .
- .
- .

ഇങ്ങനെ നിരവധി പ്രവർത്തനങ്ങൾ കൊടുക്കുമ്പോൾ അവനവന്റെ ശേഷിക്കനുസരിച്ച് എല്ലാ കുട്ടിക്കും പ്രതികരിക്കാൻ കഴിയില്ലേ? എല്ലാ പ്രവർത്തനത്തിന്നും ഒരേ സ്കോർ ആവില്ല. എന്നാൽ ഒരു നിശ്ചിത സമയത്തിന്നുള്ളിൽ (2 ദിവസം....4 പീരിയേഡ്...)കുറേ പ്രവർത്തനങ്ങൾ ചെയ്യാനാവുന്നതോടെ അധിക സ്കോറിൽ എത്താൻ കഴിയില്ലേ?

| പ്രവർത്തനം | സ്കോർ | |
|---|---|---|
| 1. ദർശനം കുറിപ്പ്<br>2. കത്ത്<br>3. ചിത്രം<br>4. കാർട്ടൂൺ<br>5. നൃത്തം<br>6. കവിതകളുടെ പേർ<br>7. നെറ്റിൽ നിന്ന് ചിത്രം | 3<br>3<br>1<br>1<br>2<br>1<br>3 | രണ്ടോ മൂന്നോ പ്രവർത്തനം ചെയ്യുന്നതൊടെ നല്ല സ്കോറ് ലഭിക്കും |

ഇതു പാരമ്പര്യ രീതിയിലുള്ള ചോയ്സ് അല്ല. ഒരേ പ്രശ്നത്തിന്റെ വിവിധ മാനങ്ങൽ ഉപയോഗിച്ച് കാവ്യാസ്വാദനം എന്ന ശേഷി വികസിപ്പിക്കുകയാണ്. സാധ്യതകൾ പ്രയോജനപ്പെടുത്തലാണ്.

പ്രതികരിക്കുക

sujanika@gmail.com